# കേരള സർവകലാശാല

## എഞ്ചിനീയറിംഗ് സബ്ഡിവിഷൻ

കാര്യവട്ടം ക്യാമ്പസ്, തിരുവനന്തപുരം

## സ്ക്രാപ്പ് വില്പന പരസ്യം

കേരള സർവകലാശാലയുടെ കാര്യവട്ടം ക്യാമ്പസിലെ വാർഡൻ ക്വോർട്ടേഴ് നമ്പർ സി 11 പൊളിയ്ക്കുന്നതിനും തുടർന്നുണ്ടാകുന്ന സ്ക്രാപ്പുകൾ പരസ്യലേലം/ ദർഘാസ് (ക്വട്ടേഷൻ) വ്യവസ്ഥയിൽ വില്പനയിലൂടെ നീക്കംചെയ്യുവാനും ഉദ്ദേശിക്കുന്നു. ലേലം ലഭ്യമാകുന്ന വ്യക്തി/ സ്ഥാപനം ചുറ്റുവട്ടത്തുള്ള മറ്റുകെട്ടിടങ്ങൾക്കോ പരിസരത്തിനോ കേടുപറ്റാത്ത വിധത്തിൽ മേൽപ്പറഞ്ഞ കെട്ടിടങ്ങൾ പൊളിച്ച്; സ്ക്രാപ്പുകൾ സ്വന്തം ചിലവിൽ സർവകലാശാലയുടെ പരിസരത്തുനിന്നും; ലേലം-സ്ഥിരപ്പെടുത്തിയശേഷം 15 ദിവസത്തിനുള്ളിൽ നീക്കംചെയ്യേണ്ടതും ബേസ്മെന്റ്-ഭാഗം നിരപ്പാക്കി നൽകേണ്ടതുമാണ്. പരസ്യലേലത്തിന്റെയും ദർഘാസിന്റെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ലേല സ്ഥലം | ലേല തീയതിയും സമയവും | ദർഘാസ് ലഭിക്കേണ്ട അവസാന തീയതിയും സമയവും | നിരതദ്രവ്യം |
|---|---|---|---|
| എഞ്ചിനീയറിംഗ് യൂണിറ്റ് കാര്യവട്ടം ക്യാമ്പസ് | 06/10/2026 രാവിലെ 11 മണി | 06/10/2026 രാവിലെ 10:30 മണി | 900/- |

ദർഘാസ് സമർപ്പിക്കുവാൻ ആഗ്രഹിക്കുന്നവർ വെള്ളപേപ്പറിൽ തയ്യാറാക്കിയ ദർഘാസുകൾ മുദ്രവച്ച കവറിനുള്ളിൽ അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എഞ്ചിനീയറിംഗ് സബ്ഡിവിഷൻ ഓഫീസ്, കാര്യവട്ടം എന്ന വിലാസത്തിൽ നിശ്ചിത സമയത്തിന് മുൻപ് ലഭിക്കത്തക്ക വിധത്തിൽ നേരിട്ടോ തപാൽ മാർഗ്ഗമോ സമർപ്പിക്കേണ്ടതാണ്. സ്ക്രാപ്പുകൾ വിലയെടുക്കാൻ ഉദ്ദേശിക്കുന്ന തുക അക്കത്തിലും അക്ഷരത്തിലും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. ദർഘാസുകൾക്കൊപ്പം ഏതെങ്കിലും അംഗീകൃത ബാങ്കിൽ നിന്നും എടുത്തിട്ടുള്ളതും അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ മാറാവുന്നതുമായ തൊള്ളായിരം (Rs.900/-) രൂപയുടെ ഡിമാൻഡ് ഡ്രാഫ്റ്റും തിരിച്ചറിയൽ രേഖയുടെ പകർപ്പും (ആധാർ) ഉള്ളടക്കം ചെയ്യേണ്ടതാണ്. വൈകി കിട്ടുന്നതും അപൂർണ്ണമായതും നിരതദ്രവ്യം ഉള്ളടക്കം ചെയ്യാത്തതുമായ ദർഘാസുകൾ നിരുപാധികം നിരസിക്കുന്നതാണ്.

ദർഘാസ് സമർപ്പിക്കുന്ന കവറിന് മുകളിൽ കാര്യവട്ടം ക്യാമ്പസിലെ വാർഡൻ ക്വോർട്ടേഴ് നമ്പർ സി 11 പൊളിക്കുന്നതിനെ തുടർന്നുണ്ടാകുന്ന സ്ക്രാപ്പിനുള്ള ക്വട്ടേഷൻ എന്ന് രേഖപ്പെടുത്തിയിരിക്കണം. പരസ്യ ലേലത്തിൽ പങ്കെടുക്കാനാഗ്രഹിക്കുന്നവർ പ്രസ്തുത സ്ഥലത്തും സമയത്തും നേരിട്ട് ഹാജരായി, തിരിച്ചറിയൽ രേഖയുടെ പകർപ്പും, അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ മാറാവുന്നതും ഏതെങ്കിലും അംഗീകൃത ബാങ്കിൽ

നിന്നും എടുത്തിട്ടുള്ളതുമായ തൊള്ളായിരം (Rs.900/-) രൂപയുടെ ഡിമാൻഡ് ഡ്രാഫ്റ്റും ഹാജരാക്കി ലേലത്തിൽ പങ്കുകൊള്ളേണ്ടതാണ്. ലേല നടപടികൾക്ക് ശേഷം ദർഘാസുകൾ ഹാജരാക്കിയവരുടെ സാന്നിധ്യത്തിൽ തുറക്കുന്നതും, ഏറ്റവും ഉയർന്ന തുകയ്ക്ക് ലേലം/ ദർഘാസ് നൽകിയ ആൾക്ക് അനുമതിക്ക് വിധേയമായി വിൽപ്പന സ്ഥിരപ്പെടുത്തി നൽകുന്നതുമാണ്. ടിയാൻ ലേലം/ദർഘാസ് തുകയും ക്രമപ്രകാരമുള്ള നികുതിയും അടച്ച് '15' പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ ഉദ്യോഗസ്ഥരുടെ നിർദ്ദേശത്തിലും സാന്നിധ്യത്തിലും, സാധനസാമഗ്രികൾ സ്വന്തം ചെലവിലും ഉത്തരവാദിത്തത്തിലും നീക്കം ചെയ്യേണ്ടതാണ്.

വിൽപ്പന സംബന്ധമായി സർവകലാശാലയിലും സംസ്ഥാനത്തും നിലവിലുള്ള നിയമാവലികൾ ലേലനടപടി ക്രമങ്ങൾക്കും ബാധകമാണ്. വിൽപ്പന സംബന്ധിച്ച അന്തിമ തീരുമാനം താഴെ ഒപ്പിട്ടിരിക്കുന്ന ഉദ്യാഗസ്ഥനിൽ നിക്ഷിപ്തമായിരിക്കും. ഏതൊരു ഘട്ടത്തിലും വിൽപ്പന നടപടികൾ നിർത്തിവയ്ക്കുന്നതിനും റദ്ദാക്കുന്നതിനുമുള്ള അധികാരം ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമാണ്. സ്ക്രാപ്പ് ചെയ്യുന്ന കെട്ടിടം 2026 സെപ്റ്റംബർ 25 മുതൽ ഒക്ടോബർ 6 വരെ പ്രവർത്തിസമയങ്ങളിൽ കേരള സർവകലാശാലയുടെ കാര്യവട്ടം ക്യാമ്പസിലുള്ള എഞ്ചിനീയറിംഗ് വിഭാഗത്തിലെ ബന്ധപ്പെട്ട ഉദ്ധ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ പരിശോധിക്കാവുന്നതാണ്.

25/09/2026

അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ(i/c)